(എ) എല്ലാ പോലീസുകാർക്കും 8 മണിക്കൂർ ഡ്യൂട്ടി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്ന് അറിയിക്കുമോ ;

(ബി) അതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് എട്ടു മണിക്കൂർ ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസുകാർക്ക് 8 മണിക്കൂറിൽ കൂടുതൽ ഡ്യൂട്ടി ചെയ്യേണ്ടതായി വരുന്ന സന്ദർഭത്തിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് ഓവർടൈം അലവൻസ് കൊടുക്കാനുദ്ദേശം ഉണ്ടോ ;

(ഇ) എങ്കിൽ അതിന് സ്വീകരിക്കുന്ന തത്ത്വങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ സംസ്ഥാനത്ത് 72 പോലീസ് സ്റ്റേഷനുകളിൽ എച്ച്.സി.പി.സി എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിരിക്കുന്ന 8 മണിക്കൂർ ജോലി സമ്പ്രദായം കാര്യക്ഷമമവും പ്രായോഗികവുമാണെന്ന് കാണുകയും പോലീസിന്റെ അംഗസംഖ്യയിൽ വർദ്ധനവ് വരികയും ചെയ്യുന്ന മുറയ്ക്ക് മറ്റ് പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി&ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസുകാരുടെ അലവൻസ്

139 (47) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പോലീസുകാർക്ക് ആഴ്ചയിൽ ഒരു ദിവസം ഓഫ് നൽകാത്ത പക്ഷം ഡേ ഓഫ് അലവൻസായി കോൺസ്റ്റബിൾമാർക്കും ഹെഡ് കോൺസ്റ്റബിൾമാർക്കും എന്തു തുക വീതമാണ് നൽകിയിരുന്നത് ;

(ബി) അന്നത്തെ അവരുടെ ഒരു ദിവസത്തെ ശരാശരി ശമ്പളം എത്ര വീതമായിരുന്നു;

(സി) അന്ന് അവർക്ക് ഡേ ഓഫ് അലവൻസായി ഈ തുക നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്ത് ;

(ഡി) ഇപ്പോൾ കോൺസ്റ്റബിളിന്റെയും ഹെഡ് കോൺസ്റ്റബിളിന്റെയും ഒരു ദിവസത്തെ ശരാശരി ശമ്പളം എത്രയാണ് ;

(ഇ) ഇപ്പോൾ അവർക്കനുവദിക്കുന്ന ഡേ ഓഫ് അലവൻസ് എത്ര വീതമാണ്; പോലീസ് ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഡേ ഓഫ് അലവൻസ് നൽകാത്തതെന്തുകൊണ്ടാണെന്നറിയിക്കുമോ ; ഒരു ദിവസത്തെ ശരാശരി ശമ്പളത്തിന് തുല്യമായ തുക അവർക്ക് ഡേ ഓഫ് അലവൻസായി നൽകുമോ ?

ഉത്തരം

(എ) കോൺസ്റ്റബിൾമാർക്ക് 70 രൂപവീതവും ഹെഡ് കോൺസ്റ്റബിൾമാർക്ക് 90 രൂപാ വീതവും

(ബി) ഹെഡ് കോൺസ്റ്റബിൾമാർക്ക് 61 രൂപയും കോൺസ്റ്റബിൾമാർക്ക് 53 രൂപയും

(സി) 29-9-1995-ലെ ജി.ഒ.(പി)567/95 (50)/ഫിൻ. ഉത്തരവ് പ്രകാരമാണ് ഹെഡ് കോൺസ്റ്റബിൾമാർക്കും പോലീസ് കോൺസ്റ്റബിൾമാർക്കും ഡേ ഓഫ് അലവൻസ് നൽകിവരുന്നത്.

(ഡി) കോൺസ്റ്റബിളിന് 151 രൂപയും ഹെഡ് കോൺസ്റ്റബിളിന് 224 രൂപയുമാണ് ഇപ്പോൾ ഒരു ദിവസത്തെ ശരാശരി ശമ്പളം.

(ഇ) കോൺസ്റ്റബിളിന് 70 രൂപയും ഹെഡ് കോൺസ്റ്റബിളിന് 90 രൂപയുമാണ് ഇപ്പോൾ നൽകുന്ന ഡേ ഓഫ് അലവൻസ്, ഡേ ഓഫ് അലവൻസിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നകാര്യം കാലാകാലങ്ങളിൽ സർക്കാർ തീരുമാനിക്കുകയാണ് ചെയ്തു വരുന്നത്. ഡേ ഓഫ് അലവൻസും ശരാശരി ശമ്പളവും തമ്മിൽ യാതൊരു അനുപാതവും നിലവിലില്ല. ഡേ ഓഫ് അലവൻസ് ശരാശരി ശമ്പളത്തിന് തുല്യമാക്കുന്നതിനുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ലാന്റിംഗ് പെർമിറ്റ് കൊടുക്കുവാനിടയായ സാഹചര്യം

140 (49) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസയില്ലാതെ തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങിയ വിയറ്റ്നാംകാരൻ ഹുയേൽ ഹായിഖാൻ എന്ന വ്യക്തിക്ക് എമിഗ്രേഷൻ പോർട്ട് രജിസ്ട്രേഷൻ ആഫീസർ ലാന്റിംഗ് പെർമിറ്റ് കൊടുക്കുവാനിടയായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) 2000 ഏപ്രിൽ അഞ്ചാം തീയതി ബുധനാഴ്ച രാവിലെ 9.30-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ നിന്നും ടിക്കറ്റ് എടുത്തതിനുശേഷം അദ്ദേഹം അപ്രത്യക്ഷനായെന്നും പോലീസ് ഇന്റലിജൻസ് അധികൃതർ, അന്വേഷണം നടത്തിയിട്ടും കണ്ടെത്തിയില്ല എന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എന്നാൽ ഹുയേൽ ഹായിഖാൻ, അതേ സമയം തിരുവനന്തപുരത്ത് നടന്ന ഡി.വൈ.എഫ്.ഐ.യുടെ അഖിലേന്ത്യാ സമ്മേളനത്തിൽ വിദേശ

LIBRARY ARCHIVES Kerala Legislative Assembly